# Official Spokesperson's response to media queries on the incident of desecration of the sanctity of Gurudwara Shri Darbar Sahib in Pakistan

November 30, 2021

---

**പാക്കിസ്ഥാനിലെ ഗുരുദ്വാര ശ്രീ ദർബാർ സാഹിബിന്റെ പവിത്രത അവഹേളിച്ച സംഭവത്തെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം.**

നവംബർ 30, 2021

**പാക്കിസ്ഥാനിലെ ഗുരുദ്വാര ശ്രീ ദർബാർ സാഹിബിന്റെ വിശുദ്ധിയെ അവഹേളിച്ച സംഭവത്തെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചിയുടെ പ്രതികരണ ഇപ്രകാരമായിരുന്നു.**

" "കർതാർപൂരിലെ ഗുരുദ്വാര ശ്രീ ദർബാർ സാഹിബിന്റെ പവിത്രതയെ പാകിസ്ഥാൻ മോഡലും ഒരു വസ്ത്ര ബ്രാൻഡും അപകീർത്തിപ്പെടുത്തിയ സംഭവത്തിൽ ഞങ്ങളുടെ അഗാധമായ ഉത്കണ്ഠ അറിയിക്കാൻ പാകിസ്ഥാൻ ചാർജ് ഡി അഫയേഴ്സിനെ ഇന്ന് ക്ഷണിച്ചിരുന്നു .

അപലപനീയമായ ഈ സംഭവം ഇന്ത്യയിലെയും ലോകമെമ്പാടുമുള്ള സിഖ് സമൂഹത്തിന്റെ വികാരങ്ങളെ ആഴത്തിൽ വ്രണപ്പെടുത്തിയതായി അറിയിച്ചു. പാക്കിസ്ഥാനിലെ ന്യൂനപക്ഷ സമുദായങ്ങളുടെ മതപരമായ ആരാധനാലയങ്ങളെ അപമാനിക്കുകയും അനാദരിക്കുകയും ചെയ്യുന്ന ഇത്തരം തുടർച്ചയായ സംഭവങ്ങൾ ഈ സമുദായങ്ങളുടെ വിശ്വാസത്തോടുള്ള ആദരവിന്റെ അഭാവത്തെ എടുത്തുകാണിക്കുന്നു.

പാകിസ്ഥാൻ അധികാരികൾ ഇക്കാര്യം ആത്മാർത്ഥമായി അന്വേഷിക്കുമെന്നും ബന്ധപ്പെട്ടവർക്കെതിരെ നടപടിയെടുക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**ന്യൂ ഡെൽഹി**
**നവംബർ 30, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.